2009
ഡിസംബർ
112

ചെറുതായിരിക്കുന്നതിന്റെ പ്രസക്തി

# ലിറ്റിൽ മാസിക



## ഭൂമിക്ക് വിലയെഴുതി തൂക്കുമ്പോൾ...

നൽകുന്നതിന്റെ ആനന്ദം • ഒരു കുന്ന് പഠിപ്പിച്ച പാഠം

2009
ഡിസംബർ
ലക്കം 112

**ലിറ്റിൽ മാസിക**
ചുങ്കത്തറ പി.ഒ., മലപ്പുറം - 679934
Ph: 04931-231493, 232780
Mob: 9946428284, 9995264564
email:littlemasika@gmail.com

1992ൽ ദൃഷ്ടി എന്ന പേരിൽ പ്രസിദ്ധീകരണം ആരംഭിച്ചു. 1993 മുതൽ ലിറ്റിൽ മാസിക എന്ന പേരിൽ രജിസ്റ്റർ ചെയ്ത മാസികയായി പ്രസിദ്ധീകരിച്ചു വരുന്നു. ചെറിയ മനുഷ്യർ, കൊച്ചുപ്രസ്ഥാനങ്ങൾ, ചെറുതെങ്കിലും ആത്മാർത്ഥമായ ജനകീയ ഇടപെടലുകൾ പൂവ്, കാട്, പുഴ, ചെറുജീവികൾ, ദൃഷ്ടിഗോചരമല്ലാത്ത പ്രാണികൾ അങ്ങനെ ചെറുതും സുന്ദരവും സ്ഥായിയായി നിലനിൽക്കുന്നതുമായ ജീവിതത്തിന്റെ വിവിധ ഭാവങ്ങൾ...! ഇവയെക്കുറിച്ചെല്ലാമാണ് ഈ പത്രം വിചാരപ്പെടുന്നത്.

**ധ്യാനകഥ**

## കുടഞ്ഞുകളയൽ

വിശുക്കനും തന്ത്രശാലിയുമായ ഒരു ഗ്രാമീണന്റെ കഥയാണ്.

ഉപയോഗശൂന്യമായ തന്റെ പൊട്ടക്കിണർ മൂടാനും വിറ്റാൽ കാര്യമായൊന്നും കിട്ടാനിടയില്ലാത്ത വയസ്സായ പശുവിനെ ഒഴിവാക്കാനും അയാൾ ചിലവില്ലാത്ത ഒരു തന്ത്രം കണ്ടെത്തി. മൃഗത്തെ കിണറ്റിനകത്ത് തള്ളിയിടുക. അത് അലറുമ്പോൾ കിണറ്റിൽ ഇറങ്ങാൻ മടിക്കുന്ന ഗ്രാമീണരോട് കിണറ്റിനു ചുറ്റുമുള്ള ചളിയും വൃത്തികേടുകളും മണ്ണും മറ്റും വാരിവലിച്ച് കിണറ്റിലിടാൻ പറയുക, അപ്പോൾ മൃഗം അതിൽപ്പെട്ട് ചാവുകയും കിണർ ചെലവില്ലാതെ നികത്തപ്പെടുകയും ചെയ്യും.

ആദ്യമയാൾ പശുവിനെ തള്ളി പൊട്ടക്കിണറ്റിലിട്ടു. പിന്നീട് ഗ്രാമീണരെ വിളിച്ചുകൂട്ടി. ആസൂത്രണം ചെയ്തതുപോലെ കിണറ്റിനുചുറ്റുമുള്ള ചളിയും ചവറും മണ്ണും കിണറ്റിലിടാനും തുടങ്ങി. ആദ്യമാദ്യം മൃഗത്തിന്റെ കരച്ചിൽ കേൾക്കാമായിരുന്നു. കുറെ കഴിഞ്ഞപ്പോൾ അതു നിന്നു. മൃഗം മരിച്ചതായി കരുതി ഉടമ സന്തോഷിച്ചു. കിണറ് നികത്തൽ തുടരുകയും മണ്ണ് ഉയർന്നുയർന്ന് വരികയും ചെയ്തു ഒടുക്കം നിലവും കിണറും നിരപ്പാകും എന്ന അവസ്ഥയിലെത്തിയപ്പോൾ അത്ഭുതത്തോടെ ഉടമയും ഗ്രാമീണരും ഒരു കാര്യം കണ്ടു

മൃഗം ഒരു കേടുമില്ലാതെ മുകളിലെത്തിയിരിക്കുന്നു അത് ചാടിയിറങ്ങി ശബ്ദമുണ്ടാക്കാതെ നടന്നുപോയി. കിണറ് നികത്തപ്പെട്ടെങ്കിലും മൃഗത്തെ അടക്കം ചെയ്യാനാവാത്ത കുണ്ഠിതം ഉടമയ്ക്ക്. സംഭവിച്ചതെന്തെന്നോ? കിണറ്റിൽ വീണ ഞെട്ടലിൽ മൃഗം ആദ്യം അലറി. പിന്നീട് അത് മനസ്സിലാക്കി, അലറുന്നതിന് പകരം അറിയലാണ് നല്ലതെന്ന്. അങ്ങനെ വന്നുവീഴുന്ന ചപ്പുചവറുകളും മണ്ണും അത് അപ്പപ്പോൾ കുടഞ്ഞുകളഞ്ഞ് ചവിട്ടി നിൽക്കാൻ ആരംഭിച്ചപ്പോൾ അത് ഉയരാൻ തുടങ്ങി. ഒടുക്കം മുകളിലെത്തുകയും ചെയ്തു.

ഉടമയുടെ തന്ത്രവും ബുദ്ധിയും മൃഗത്തിന്റെ അറിവിനുമുമ്പിൽ പരാജയപ്പെട്ടു.

ഇത് ഒരു മൃഗത്തിനാവാമെങ്കിൽ ഇതിലുമധികം മനുഷ്യർക്കുമാവാം. നിഗമനങ്ങളുടെയും ധാരണകളുടെയും ന്യായങ്ങളുടെയും വൃത്തികേടുകൾ കുടഞ്ഞ് കളയണം ഉയരത്തിലെത്താനെന്ന കാര്യം മിസ്റ്റിസിസത്തിൽ പ്രഥമമാണ്. ഇങ്ങനെ ചെയ്തവർ ലോകത്തെമ്പാടുമുണ്ട്. അവരെ നമ്മൾ പ്രവാചകന്മാരായും പരമഹംസന്മാരായും ഋഷിമാരായും മഹർഷിമാരായും മുർഷിദ്മാരായും കാണുന്നു.

(കടപ്പാട്: ഇ.എം ഹാഷിം)

**ലൈഫ് ഫ്രെയിം** *ഫോട്ടോ: അജയ് സാഗ*



ചീഫ് എഡിറ്റർ
**ബിജു ജോൺ**
കോ-ഓർഡിനേറ്റിംഗ് എഡിറ്റർ
**അബ്ദുള്ളക്കുട്ടി എടവണ്ണ**
മാനേജിംഗ് എഡിറ്റർ
**ജയപ്രകാശ് നിലമ്പൂർ**
എക്സിക്യൂട്ടീവ് എഡിറ്റർ
**പി.എം. ജോൺ**
പത്രാധിപ സമിതി
**സതീഷ് ചളിപ്പാടം**
**മനോഹർ വർഗീസ്**
**ചന്ദ്രബാബു തൃക്കലങ്ങോട്**
സ്പെഷ്യൽ കറസ്പോണ്ടന്റ്
**ഹാരിസ് നെന്മേനി**
കവർ ഫോട്ടോ
**അജയ് സാഗ**
ലേഔട്ട്
**റസീസ് അഹമ്മദ്**
പ്രിന്റിംഗ്
**ഇംപീരിയൽ ഓഫ്സെറ്റ് എടവണ്ണ**
**9895117614**

**Copy left:** ലിറ്റിൽ മാസികയിൽ പ്രസിദ്ധീകരിക്കുന്ന രചനകൾക്ക് കോപ്പിറൈറ്റ് ഇല്ല. ആർക്കും രചനകൾ യഥേഷ്ടം ഉപയോഗിക്കാവുന്നതാണ്. രചയിതാവിന്റെ പേര് സൂചിപ്പിക്കണമെന്ന് മാത്രം.


പ്രേർണസിംഗ് ബിന്ദ്ര/മൊണ്ടാഷ് മമ്മദ്

# ഭൂമിക്ക് വിലയെഴുതി തൂക്കുമ്പോൾ

**താങ്കളുടെ കാറിനുവേണ്ടി ഭൂമി, നമ്മുടെ ഗ്രഹം, പ്രതിമാസ ഗഡു ഇനത്തിൽ (EMT), വർഷം തോറും പതിനഞ്ചു ലക്ഷം രൂപ ഒടുക്കുന്നു എന്ന തിരിച്ചറിവ് വരുമ്പോൾ, വീണ്ടും താങ്കൾ പുതിയ കാറിനു വേണ്ടി ഭ്രമിച്ചോടുമോ? പത്തു വർഷത്തേക്കുള്ള വൈദ്യുതിയാണോ നൂറു വർഷത്തേക്കുള്ള ഓക്സിജനാണോ താങ്കൾ തെരഞ്ഞെടുക്കുക? 2099 വരെയുള്ള ശുദ്ധജലമാണോ അതോ 2050 വരെയുള്ള കാർബൺഡയോക്സൈഡ് ചേർത്ത പാനീയമാണോ താങ്കൾ ഇഷ്ടപ്പെടുക?**

ഇതൊന്നും കാമ്പില്ലാത്ത വെറും ചോദ്യങ്ങളല്ല. മറിച്ച് കാലാവസ്ഥാ വ്യതിയാനത്തിന്റെ ഈ യുഗത്തിൽ സാമ്പത്തിക പുരോഗതിക്ക് അതിഭീമമായ പാരിസ്ഥിതിക വില നൽകേണ്ടി വരുന്ന ഘട്ടത്തിലെ ആഗോള വളർച്ചയെ തന്നെ നിർണ്ണയിക്കുന്ന സാധ്യതകളും വെല്ലുവിളികളുമാണ്. ഈ ചോദ്യങ്ങളോട് എതിരിട്ടും കൂടുതൽ സങ്കീർണ്ണമായ പാരിസ്ഥിതിക പരിഗണനകളെയും വർത്തമാന വികസന ലക്ഷ്യങ്ങളുടേയും സംഘർഷങ്ങളെ നേരിട്ടുകൊണ്ടും പല രാജ്യങ്ങളും സാമ്പ്രദായിക ദേശീയ വളർച്ചാ സൂചികയായ GDP (Gross Domestic Product)-മൊത്ത ആഭ്യന്തര ഉത്പന്നം - കണക്കുകളെ, Green GDP (മൊത്ത ഹരിത ആഭ്യന്തര ഉത്പന്നം) കൊണ്ട് പകരം വെക്കാൻ ശ്രമിക്കുന്നുണ്ട്. ഇത് ഒരേ സമയം ആവേശകരവും വിവാദപരവുമായ ഒരു നൂതന ആശയമാണ്.

ഒരു രാജ്യത്തിന്റെ പാരിസ്ഥിതിക വിഭവങ്ങൾ വിലമതിക്കാ




നും സാമ്പത്തിക മൂല്യം കണക്കാക്കാനും ഗ്രീൻ ജി.ഡി.പി ശ്രമിക്കുന്നു. ലളിതമായി പറഞ്ഞാൽ നമുക്ക് ഏതൊന്നിന്റെ വിലയറിയാമോ അതിനെ നാം വിലമതിക്കും. ഏതൊന്നാണോ വിലയറിയാതുള്ളത് അത് നാം ഊറ്റത്തോടെ വലിച്ചെറിയും.

സാമ്പ്രദായിക ജി.ഡി.പി ദേശീയ സമ്പദ് വ്യവസ്ഥയിൽ വനങ്ങളുടെ മൂല്യത്തെ പരിഗണിക്കുന്നില്ല. ആ അർത്ഥത്തിൽ അത് സമ്പത്തിന്റെ ശരിയായ പ്രതിഫലനമേ ആകുന്നില്ല. യഥാർത്ഥ ജി.ഡി.പി, നശിപ്പിക്കപ്പെടുന്ന പ്രകൃതി വിഭവങ്ങളുടെ (വനം, ജലസ്രോതസ്സ്) ഒപ്പം തന്നെ വിദ്യാഭ്യാസത്തിന്റെ അടിസ്ഥാനത്തിലുള്ള മനുഷ്യവിഭവ സമ്പത്തിന്റെ നാശത്തെയും കണക്കെടുക്കണം. ഗ്രീൻ ഇന്ത്യൻ സ്റ്റേറ്റ്സ് ട്രസ്റ്റിന്റെ സ്ഥാപകരിലൊരാളായ പവൻ സുഖ്ദേവ് പറയുന്നു.

എന്നാൽ എങ്ങനെയാണ് ഒരാൾക്ക് കോർബറ്റ് ദേശീയ പാർക്കിനോ രാന്തംമ്പോർ ദേശീയപാർക്കിനോ അരുണാചൽ പ്രദേശിലെ അപ്രാപ്യ വനങ്ങൾക്കോ വിലയിടാനാവുക? പ്രത്യേകിച്ചും 2005 ൽ സർക്കാർ തലത്തിൽ ഇതിനായി ശ്രമമാരംഭിച്ച ചൈനപോലും രണ്ടു വർഷത്തിനുശേഷം അതിൽ നിന്ന് പിന്തിരിയുമ്പോൾ ഗ്രീൻ ജി.ഡി.പി യുടെ അളവുകോലുകൾ ഇനിയും ചർച്ച ചെയ്യപ്പെടേണ്ടതുണ്ട്. ഇന്ത്യയും (സ്റ്റാറ്റിസ്റ്റിക്സ് ആന്റ് പ്രോഗ്രാം വകുപ്പ്) ഇത്തരത്തിലൊരു ശ്രമത്തിന് തയ്യാറെടുക്കുന്നുണ്ടെങ്കിലും, വെറുമൊരു അക്കാദമിക വ്യായാമമെന്നതിലുപരി ഇതിന്റെ വിജയം കണ്ടറിയണം.

രണ്ടാം ലോകമഹായുദ്ധകാലത്ത് രൂപം കൊണ്ട സാമ്പ്രദായിക ജി.ഡി.പി യുടെ പോരായ്മകളെ കുറിച്ച് അതിന്റെ വക്താക്കൾക്ക് പോലും വ്യക്തമായ ബോധമുണ്ടിപ്പോൾ. 1984 ലെ സാമ്പത്തിക നോബൽ ജേതാവായ റിച്ചാർഡ് സ്റ്റോണിന്റെ പ്രസ്താവന ഇക്കാര്യത്തിലേക്ക് വെളിച്ചം വീശുന്നതാണ്.

ഇപ്പോഴത്തെ ജി:ഡി.പി അളവു രീതിയിലെ തെറ്റ് ചൂണ്ടിക്കാണിക്കുന്നതിന് പ്രമുഖ ഗ്രന്ഥകാരൻ സന്യാൽ നൽകുന്ന ഉദാഹരണം ഇതാണ്. നിർമലമായൊരു മഴക്കാട് വെട്ടുമ്പോൾ ഇപ്പോഴത്തെ രീതിയിൽ തടി വെട്ടിക്കിട്ടുന്ന സാമ്പത്തിക വളർച്ചയെ ഇത് ന്യായീകരിക്കുന്നു. എന്നാൽ ജൈവവൈവിധ്യത്തിന്റെയും നീർ മറികളുടേയും കാർബൺ നിയന്ത്രണത്തിന്റെയും വെള്ളപ്പൊക്ക നിയന്ത്രണത്തിന്റെയും മറ്റ് കാനന വിഭവങ്ങളുടേയും തകർച്ച അതിഭീമമാണ്. ജി.ഡി.പി, ദേശീയ സമ്പത്തിന്റെ യഥാർത്ഥ പ്രതിഫലനമാ കുന്നത് അതിൽ വായു, ജല, വന നശീകരണങ്ങളുടെയടക്കം സാമ്പത്തിക മൂല്യം കണക്കാക്കുമ്പോൾ മാത്രമാണ്.

ഇപ്രകാരം ഹരിത സ്വത്തു(Green Assets)ക്കൾക്കും സാമ്പത്തിക മൂല്യം പരിഗണിക്കേണ്ടത് കാലാവസ്ഥാ വ്യതിയാനത്തിന്റെ ഇക്കാലത്ത് കുറേ കൂടി അത്യാവശ്യമായിരിക്കുന്നു. പ്രത്യേകിച്ചും യൂറോപ്യൻ യൂണിയൻ കമ്മീഷൻ ചെയ്ത ഇക്കണോമിക്സ് ഓഫ് ഇക്കോ സിസ്റ്റംസ് ആന്റ് ബയോ ഡൈവേഴ്സിറ്റി , പ്രകൃതി നഷ്ടങ്ങളും ദുരന്തങ്ങളും സാമ്പത്തിക വിപണികളിലെ നഷ്ടങ്ങളെ എത്രയോ മടങ്ങ് നിസാരവൽക്കരിക്കുന്നു എന്ന് അഭിപ്രായപ്പെട്ട നമ്മുടെ ഇക്കാലത്ത്. നിക്കോളാസ് സ്റ്റോൺ പറഞ്ഞതു പോലെ സമീപഭാവിയിൽ ലോകസാമ്പത്തിക രംഗം സാധാരണ ഗതിയിലും ചുരുങ്ങി ആഗോള ജി.ഡി.പി യുടെ 5 മുതൽ 20 ശതമാനം വരെ കുറക്കാനിടയായിട്ടുണ്ട്. ഈ വാർത്ത ഇന്ത്യയ്ക്ക് തീർച്ച യായും കനത്ത പ്രഹരമാകും നൽകുക. കാരണം കാലാവസ്ഥാ വ്യതിയാനം ഇന്ത്യയുടെ നീണ്ട തീര പ്രദേശങ്ങളേയും ഹിമാലയൻ മഞ്ഞുമലകളെ ആശ്രയിക്കുന്ന നദികളേയും ബാധിക്കും. ഇപ്പോൾ തന്നെ കാലാവസ്ഥാ വ്യതിയാനം വിവിധ പ്രകൃതി ദുരന്തങ്ങളുടെ രൂപത്തിൽ നമ്മുടെ വാതിലിലും മുട്ടാൻ തുടങ്ങിയിട്ടുണ്ട്. ഹിമാചൽ പ്രദേശിലെ ആപ്പിൾ ഉത്പാദനത്തിലെ 90 ശതമാനവും കാലാവസ്ഥ തകിടം മറിഞ്ഞതിലൂടെ നശിച്ചുപോയത് ഈയടുത്താണ്. ഹിമാചലിലെ കാർഷികസമ്പദ് വ്യവസ്ഥയുടെ പ്രധാന ഉല്പന്നം ആപ്പിൾ ആണെന്ന് ഓർമ്മിക്കുക. പാർശ്വവൽക്കരിക്കപ്പെട്ട 80 ശതമാനം വരുന്ന

*(5-ാം പേജിൽ)*

വർത്തമാനം

ഹാരിസ് നെൻമേനി

# തൊഴിലുറപ്പാക്കുന്ന ചാക്കുകൾ

**തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി അറിഞ്ഞോ അറിയാതെയോ നാട്ടിൽ നടക്കുന്ന ചില പാരിസ്ഥിതിക പ്രശ്നങ്ങളെക്കുറിച്ച്...**

തിരഞ്ഞെടുക്കപ്പെട്ട ജില്ലകളിൽ മാത്രം നടപ്പിലാക്കി വന്നിരുന്ന തൊഴിലുറപ്പുപദ്ധതിയിപ്പോൾ പുതിയ മാറ്റങ്ങളോടെ രാജ്യം മുഴുവൻ നടപ്പിലാവുകയാണ്. ആദ്യഘട്ടത്തിൽ പദ്ധതി ഏറ്റവും നന്നായി നടപ്പിലാക്കിയ സംസ്ഥാനമെന്ന ഖ്യാതി കേരളത്തിനുമുണ്ട്. കാര്യം ഇങ്ങനെയൊക്കെയാണെങ്കിലും തൊഴിലുറപ്പാക്കാൻ നടപ്പിലാക്കുന്ന ചില പദ്ധതികളെങ്കിലും ആശങ്ക ഉണ്ടാക്കുന്നവയാണ്. അതും പ്രകൃതി വിവങ്ങളുടെ സംരക്ഷണവും പുനഃപോഷണവും ഉറപ്പ് വരുത്താനുതകുന്ന ഇടപെടലുകളാവണം തൊഴിലുറപ്പിലൂടെ നടപ്പിലാക്കേണ്ടത് എന്ന ഗവൺമെന്റ് ഉത്തരവുകൾ നിലനിൽക്കുമ്പോൾ തന്നെ.

റോഡും ഗ്രൗണ്ടും നിർമ്മിക്കുന്നതും തോടു പുഴയും സംരക്ഷിക്കുന്നതുമെല്ലാമാണ് പ്രധാനമായും തൊഴിലുറപ്പിലുൾപ്പെടുത്തി ചെയ്ത് കൊണ്ടിരുന്നത്. ഇക്കൂട്ടത്തിൽ തോടും പുഴയും സംരക്ഷിച്ചു നിർത്തുന്നതിനായി വ്യാപകമായ തോതിലുപയോഗിക്കുന്ന പ്ലാസ്റ്റിക് ബാഗുകൾ ആശങ്കയുണ്ടാക്കുന്നുണ്ട്. പ്ലാസ്റ്റിക് ബാഗുകളിൽ മണൽ നിറച്ച് അട്ടിയായി അടുക്കിയാണ് തോട്ടിറമ്പിലും പുഴവക്കത്തും പാർശ്വഭിത്തികൾ നിർമ്മിക്കപ്പെടുന്നത്.

കേരളത്തിലങ്ങിങ്ങ് പ്രയോഗിക്കപ്പെടുന്ന ഈ രീതിയുടെ പ്രശ്നങ്ങൾ ഏറെയാണ്. ഒന്നാമത്തേത് ഒരു താൽക്കാലിക ഉപായം മാത്രമാണ് ഈ ചാക്കുഭിത്തി. വെള്ളവുമായുള്ള സ്ഥിരമായ സമ്പർക്കം മൂലം ഈ ചാക്കുകൾ നശിക്കുകയും സംരക്ഷണഭിത്തി തകരുകയും അതിനായി ചിലവഴിച്ച ഊർജവും ധനവുമെല്ലാം വെള്ളത്തിലൊഴുകുകയും ചെയ്യുന്നു. സ്ഥിരമായി നിലനിൽക്കുന്നില്ല എന്നതിനാൽ തന്നെ തോടിന്റെയോ പുഴയുടേയോ സംരക്ഷണം ഒരിക്കലും ഉറപ്പ് വരുത്തപ്പെടുകയും ചെയ്യുന്നില്ല. വീണ്ടും വീണ്ടും ഈ ചാക്കുവിദ്യ നടത്തേണ്ടിയും വരുന്നു. മറ്റൊന്ന് ഇതിനായി ഉപയോഗിക്കപ്പെടുന്ന പ്ലാസ്റ്റിക്കിന്റെ ഉപയോഗമാണ്. ലോഡുകണക്കിനാണ് പ്ലാസ്റ്റിക് ബാഗുകൾ കയറ്റിയെത്തി കുന്നുകൂടപ്പെടുന്നത്. ഇത് ജലാശയ ങ്ങളിലും സമീപപ്രദേശങ്ങളിലും അടിഞ്ഞുണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ ചെറുതല്ല. പതിറ്റാണ്ടുകൾ തന്നെ നശിക്കാതെ കിടക്കുന്ന പ്ലാസ്റ്റിക് മണ്ണിന്റെ ഫലഭൂയിഷ്ഠതയും ജലാഗിരണശേഷിയും നശിപ്പിക്കുന്നു.


പ്ലാസ്റ്റിക് ബാഗുകൾക്ക് പകരം ജലാശയങ്ങളുടെ സംരക്ഷണത്തിന് പ്രയോജനപ്പെടുത്താവുന്ന ജൈവ ഉപാധികൾ നമ്മുടെ ചുറ്റുപാടുകളിൽ തന്നെ നിലനിൽക്കുന്നുണ്ടെന്നതാണ് സത്യം. ഒരു കാലത്ത് ഇവ ജലാശയങ്ങളോടൊപ്പം തന്നെ ധാരാളമായി വളർന്നു നിൽക്കാറുമുണ്ടായിരുന്നു. തോട്ടിറമ്പിലും പുഴയോരത്തുമെല്ലാം ധാരാളമായി വളർന്നിരുന്ന കൈതയും മുളയും ഈറ്റയുമെല്ലാം ഉപയോഗപ്പെടുത്തിത്തന്നെ ജലാശയങ്ങളുടെ പാർശ്വങ്ങൾ സംരക്ഷിക്കാവുന്നതാണ്. സാധ്യമാകുന്നിടത്തെല്ലാം കണ്ടലും ഉപയോഗിക്കാം. ഒന്നിനോടൊന്നു ചാരി കൂട്ടമായി പടർന്നു വളരുന്ന ഈ ചെടികൾ ജലാശയങ്ങളുടെ കരയിൽ ഒരു ജൈവഭിത്തി പോലെ വർത്തിക്കുന്നു. ജലലഭ്യത ഉറപ്പു വരുത്താനും ഗുണനിലവാരം നിലനിർത്തുന്നതിനും ഇത് സഹായിക്കുകയും ചെയ്യുന്നു. നശിച്ചുകൊണ്ടിരിക്കുന്ന ജീവി-സസ്യ വൈവിധ്യത്തെ സംരക്ഷിച്ച് നിർത്തുന്നതിനുള്ള ഒരു പരിശ്രമം കൂടിയാവും ഇത്. ഈറ്റയും കൈതയും മുളയും വീണ്ടും തഴക്കുകയും അവയ്ക്കിടയിൽ മുട്ടയിടുകയും പെരുകുകയും ചെയ്യുന്ന കുളക്കോഴി യും കാട്ടുകോഴിയുമുൾപ്പെടുന്ന ഒട്ടനവധി കുഞ്ഞുജീവികൾ നാടു നീങ്ങാതെയിരിക്കുകയും ചെയ്യും.

തൊഴിലുറപ്പാക്കാനും വികസനം കൊണ്ടുവരാനും ബദ്ധശ്രദ്ധരായിട്ടുള്ള നമ്മുടെ ഭരണകർത്താക്കളും ഉദ്യോഗസ്ഥരും ഇത്തരം ചെറിയ വലിയ കാര്യങ്ങളിൽ കൂടി ശ്രദ്ധവെയ്ക്കുമെന്ന് പ്രതീക്ഷിക്കട്ടെ!

**ഹൃദയാക്ഷരങ്ങളെ
ആർദ്രഭാവങ്ങളിൽ
എഴുതി അറിയിക്കുവാൻ
ഒരു ഇൻലന്റ് മാസിക**




*ബന്ധങ്ങൾക്ക്:* പോസ്റ്റ്കാർഡ്
മുണ്ടേങ്ങര, എടവണ്ണ പി.ഒ,
മലപ്പുറം - 676541
ഫോൺ: 9446738405



## ഭൂമിക്ക് വിലയെഴുതി തൂക്കുമ്പോൾ...

കർഷകർക്ക് കാലാവസ്ഥാ വ്യതിയാനം അതിജീവനത്തിന്റെ വിഷയമായി മാറിയിരിക്കുന്നു. ഇന്ത്യയിലെങ്ങും ഇത്തരം പ്രതിസന്ധികൾ വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ഈ സാഹചര്യത്തിൽ ഇന്ത്യയും വനസമ്പത്തിന്റെയും പ്രകൃതി വിഭവങ്ങളുടെയും കണക്കെടുപ്പും കണക്കുകൂട്ടലുകളും ആരംഭിച്ചിരിക്കുന്നു. 25 ശതമാനം ഹരിത ഗൃഹവാതകങ്ങൾ ഉണ്ടാക്കുന്നത് വനനശീകരണമാണെന്ന് ഈ പഠനങ്ങൾ പറയുന്നു. പക്ഷേ ഈ പഠനങ്ങൾ അക്കാദമികമായ ഒരു വിവരാടിത്തറ സൃഷ്ടിക്കാനുദ്ദേശിച്ചു മാത്രമാണ്. നമുക്ക് നമ്മുടെ വനങ്ങളുടെ കാർബൺ ആഗിരണ ശേഷിയെക്കുറിച്ച് ബോധ്യമുണ്ടാക്കാനും ആയടിസ്ഥാനത്തിൽ കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട വിലപേശലുകളിൽ നമ്മുടെ അടിസ്ഥാനമാക്കി ഇതിനെ മാറ്റാനും കഴിയണം.

ധാരാളം സന്നദ്ധസംഘടനകൾ നമ്മുടെ പ്രകൃതി വിഭവങ്ങളുടെ സാമ്പത്തികമൂല്യം കണക്കുകൂട്ടി കൊണ്ടിരിക്കുകയാണിപ്പോൾ.

നേച്ചർ ഫസ്റ്റി ന്റെ രഞ്ജിത് ബർ താക്കൂർ ആസ്സാമിലേയും അരുണാചൽ പ്രദേശിലേയും വനസമ്പത്തിനെ അടിസ്ഥാനമാക്കി ഒരു കാർബൺ സിങ്ക് റിസേർച്ച് നിർദേശിച്ചിട്ടുണ്ട്. പാരിസ്ഥിതിക സ്വത്തുക്കളുടെ മൂല്യം നിർണ്ണയിക്കാൻ Naturenomics (പ്രകൃതി സാമ്പത്തിക ശാസ്ത്രം) എന്ന ഒരു വികസന ചട്ടക്കൂടും അദ്ദേഹം മുന്നോട്ടു വെക്കുന്നുണ്ട്. ഇതിനു കീഴിൽ പ്രകൃതി വിഭവങ്ങളുടെ പുനർമൂല്യനിർണയം നടത്താനും അവികസിത സംസ്ഥാനങ്ങളെ പുനർനിർവ്വചിക്കാനും സാമ്പത്തികമായി സുരക്ഷിതാവസ്ഥയിലുള്ളവയായി പരിഗണിക്കപ്പെടാനും സാധിക്കും.

ഇന്ത്യാ ഗവൺമെന്റ് സംസ്ഥാനങ്ങൾക്ക് നയപരമായി പരിസ്ഥിതി സേവനത്തുക പദ്ധതികളിൽ വകയിരുത്തിയിട്ടുണ്ട്. പ്രകൃതിയും പ്രാകൃതികവിഭവങ്ങളും സാമ്പത്തികാടിസ്ഥാനത്തിൽ മൂല്യനിർണയം ചെയ്യപ്പെടേണ്ടതിന്റെ പ്രസക്തി നേച്ചർ മാസികയുടെ എഡിറ്റോറിയൽ വിശദീകരിക്കുന്നു. വിപണി, പ്രകൃതിയേയും പ്രകൃതി ഉല്പന്നങ്ങളേയും കാശില്ലാചരക്കായി പരിഗണിക്കുന്നിടത്തോളം, പ്രകൃതി മനുഷ്യന് പ്രദാനം ചെയ്യുന്ന തിന്റെ മൂല്യം വെറും പൂജ്യമായി പരിഗണിക്കപ്പെടുകയും പ്രകൃതി വെറും പാഴ് മാത്രമായി കണക്കാക്ക പ്പെടുകയും ചെയ്യും. എന്നാൽ വിപണിയെക്കൊണ്ട് ഇവയ്ക്ക് ഉചിതമായി വിലയിടുവിക്കുന്നതിൽ വിജയിച്ചാൽ വനങ്ങളും തടാകങ്ങളും അരുവികളും പെട്ടെന്നൊരു സാമ്പത്തിക മൂല്യം കൈവരിക്കു കയും ആളുകൾക്ക് അവയെ സംരക്ഷിക്കാനുള്ള ഒരു പ്രേരണ വരികയും ചെയ്യും!

ഈ നിലപാടിനുപിന്നിലെ യുക്തിബോധം ഗൗരവമാർന്നതു തന്നെ. എന്നാൽ നമുക്ക് എത്രമാത്രം കൃത്യമായി ജൈവവൈവിധ്യം നൽകുന്ന സേവനങ്ങൾക്ക് വില നിശ്ചയിക്കാനാകും? പ്രത്യേകിച്ചും സങ്കീർണ്ണമായ പ്രകൃതി മൂല്യങ്ങളെ മനസ്സിലാക്കാതെ പോയാൽ. സെന്റർ ഫോർ സയൻസ് ആന്റ് എൻവയേൺമെന്റ് ഡയറക്ടർ സുനിത നാരായണൻ പറഞ്ഞതുപോലെ പരിസ്ഥിതി സംരക്ഷണം വെറുമൊരു പണമിടപാടായി മാറിക്കൂടാ.

ഒറീസ്സയിലെ നിയാംഗിരി കുന്നുകളിലെ വ്യാപകമായ ഖനനാനുമതി ഈയർത്ഥത്തിൽ വളരെ പ്രസക്ത മാണ്. കയ്യിൽ പണമുണ്ടെങ്കിൽ നിങ്ങൾക്ക് ഏതു കാടും വെട്ടാം. വന്യജീവികളെ നശിപ്പിക്കാം. മുറിക്കാതിരിക്കാൻ മാത്രം അതിമൂല്യമുള്ളതല്ല ഒരു കാടും, നശിപ്പിക്കാതിരിക്കാൻ മാത്രം പാവനമല്ല ഒരു തുണ്ടു ഭൂമിയും - അവർ പറയുന്നു.

മനുഷ്യന്റെ സ്വാർത്ഥ താൽപര്യങ്ങൾക്കായി മാത്രം പ്രകൃതിയുടെ നിലനിൽപിനെ ന്യായീകരിക്കുന്നതിനായി, ഓരോ കടുവക്കും മരത്തിനും വാണിജ്യനിരക്കിൽ വിലയെഴുതി തൂക്കുന്നതിലെ ധാർമികത ചോദ്യം ചെയ്യപ്പെട്ടേക്കാം. എങ്കിലും അതേ അളവിൽ തന്നെ, നമുക്ക് നമ്മുടെ പ്രകൃതി വിഭവങ്ങളെ സംരക്ഷിക്കണമെങ്കിൽ ഒരു പക്ഷേ അന്തിമമായി ഈ ഒരു വഴി മാത്രമേ ഉണ്ടാവുകയുള്ളൂ.

*(2009 ആഗസ്റ്റ് 1 ലെ തെഹൽക്ക മാഗസിനിൽ വന്ന ലേഖനം മൊഴിമാറ്റം നടത്തിയത് മൊണ്ടാഷ് മമ്മദ്)*

### ലിറ്റിൽ മാസിക
## നിലനിൽക്കുന്നത് സംബന്ധിച്ച്
### അഥവാ
## പ്രചാരണ കാമ്പയിൻ
### ഡിസംബർ 2009 – 2010 ജനുവരി

പരസ്യങ്ങളില്ലാതെ വരിസംഖ്യയെ മാത്രം ആശ്രയിച്ച് ഇത്തരമൊരു പ്രസിദ്ധീകരണം നിലനിൽക്കേണ്ടതു തന്നെയാണ് എന്നാണ് ഞങ്ങൾക്ക് കിട്ടുന്ന നല്ല പ്രതികരണങ്ങളും സഹകരണങ്ങളും തെളിയിക്കുന്നത്. 16 ലക്കങ്ങൾക്ക് 100 രൂപ വരിസംഖ്യയായി സ്വീകരിച്ചാണ് പ്രസിദ്ധീകരണ ചെലവ് കണ്ടെത്തുന്നത്.

2010 ജനുവരിയോടെ പരമാവധി വരിക്കാരെ കണ്ടെത്താൻ കഴിഞ്ഞാൽ മാസികയുടെ തുടർന്നുള്ള പ്രവർത്തനങ്ങൾ സുഗമമായി മുന്നോട്ടു കൊണ്ടുപോകാൻ കഴിയും. അതുകൊണ്ട് ലിറ്റിൽ മാസിക 2009 ഡിസംബർ, 2010 ജനുവരി മാസങ്ങളിൽ പ്രചാരണ കാമ്പയിൻ ആചരിക്കുന്നു.

ഇപ്പോൾ മാസിക കിട്ടിക്കൊണ്ടിരിക്കുന്നവരിൽ വരിസംഖ്യ അടക്കാത്തവർ ഒന്നു ശ്രദ്ധവെച്ചാൽ പ്രസിദ്ധീകരണത്തിന് വലിയൊരു സഹായമാകും. വരിസംഖ്യ പുതുക്കാത്തവർ പുതുക്കിയും പുതിയ വരിക്കാരെ പരിചയപ്പെടുത്തിയും സഹായിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.




### ലിറ്റിൽ മാസിക
## 16 ലക്കങ്ങൾക്ക് 100 രൂപ
### ഇന്നുതന്നെ എം.ഒ അയക്കുമല്ലോ.

ലിറ്റിൽമാസിക, ചുങ്കത്തറ പി.ഒ,
മലപ്പുറം ജില്ല - 679334



ജീവിതത്തിന്റെ
ലളിതപാഠങ്ങൾ

അക്കു

**ഈയൊരു കുന്നിന് ഇത്രമാത്രം പഠിപ്പിക്കാ നാവുമെങ്കിൽ എല്ലാ കുന്നുകൾക്കുമില്ലേ പകർന്നുതരാൻ കഴിയുന്ന അമൂല്യപാഠങ്ങൾ.**

# ഒരു കുന്ന് പഠിപ്പിച്ച പാഠങ്ങൾ

കുന്നുകൾ അനവധി കണ്ടിട്ടുണ്ട്, കേറിയിട്ടുണ്ട്. കയറ്റിറക്കങ്ങളുടെ ഹരത്തിനപ്പുറം, ഇത്തിരിപ്പോന്ന വിസ്മയക്കാഴ്ചകൾ തരുന്ന ആനന്ദത്തിനപ്പുറം അവയെന്തെങ്കിലും പഠിപ്പിച്ചിരുന്നുവോ? പാഠപുസ്തക ത്തിന്റെ താളുകളിലൂടെ സൂക്ഷ്മമായി സഞ്ചരിക്കുന്നപോലെ ഒരു കുന്നിനു മുകളിലൂടെയും സഞ്ചരിച്ചിട്ടില്ല. അതുകൊണ്ട് കൂടിയാവണം മാടായിപ്പാറയ്ക്ക് മുകളിൽ ചിലവിട്ട ഏതാനും മണിക്കൂറുകൾ പുതിയൊരു അനുഭൂതി പകർന്നുതന്നത്.


കണ്ണൂർ ജില്ലയിലെ പഴയങ്ങാടിയിൽ നിന്നാണ് മാടായിപ്പാറയിലേക്ക് കയറുന്നത്. ഏഴിമലയുടെ കിഴക്ക് കടൽനിരപ്പിൽ നിന്ന് 150 അടിയോളം ഉയരത്തിൽ 700 ഏക്കറിലേറെ പരന്നുകിടക്കുന്ന വലിയൊരു ചെങ്കൽ പീഠഭൂമിയാണിത്.

ഒന്നിനും കൊള്ളാത്ത തരിശുനിലം പോലുള്ള ചെങ്കൽകുന്നുകളെ തട്ടിനിരത്തി കാശിന് കൊള്ളാവുന്ന ഇടമാക്കിമാറ്റാൻ വ്യഗ്രത കാണിക്കുന്ന ഒരു ലോകമാണിത്. അത്തരം ലോകത്തിനു മുന്നിൽ മാടായിപ്പാറ യുടെ ജൈവസമ്പന്നതയും സൗന്ദര്യവും പല പാഠങ്ങളും തുറന്നുവെക്കുന്നു. അതെ! മാടായിപ്പാറ നമുക്കു മുന്നിൽ മലർക്കെ തുറന്നുവെച്ച മഹത്തായ പാഠപുസ്തകമാണ്.

ഈ ചെങ്കൽകുന്നിൻ മാറിലെ നൂറായിരം കുഞ്ഞുവിടവുകളിൽ എപ്പോഴും മാറിവരുന്ന ഋതുക്കളിൽ വസന്തം വിടർത്താൻ കരുതിവെച്ച വിത്തുകളുടെ സമൃദ്ധിയുണ്ട്. ഓരോ ഋതുവിലും കുന്ന് പൂചൂടുന്നു. വർഷത്തിൽ പത്ത് മാസക്കാലവും ഇവിടെ മാറിവരുന്ന വസന്തമാണ്.

പുതുമഴ പെയ്യുന്നതോടെ മാടായിപ്പാറയിൽ വൈവിധ്യമാർന്ന ജനുസ്സിൽപ്പെട്ട പുൽച്ചെടികൾ കൂട്ടത്തോടെ മുളച്ചുപൊന്തുന്നു. അതോടെ വസന്തം തുടങ്ങുകയായി. പിങ്ക് നിറമായിരിക്കും കുന്നിനപ്പോൾ. കാലവർഷം കനക്കുന്നതോടെ മാടായിപ്പാറ നീലപ്പൂക്കളണിയും. ഒന്നോ രണ്ടോ ദിവസം മഴയൊഴിഞ്ഞ് കനത്ത വെയിൽ വന്നാൽ പൂക്കൾ കരിഞ്ഞുണങ്ങി വീഴും. ചെറിയൊരു നനവു വീണാൽ വീണ്ടും ആയിരക്കണക്കിന് കുഞ്ഞുപൂക്കൾ കണ്ണുതുറക്കും. പ്രകൃതി കുഞ്ഞുപൂക്കളാൽ നടത്തുന്ന വർണ്ണക്കുടമാറ്റത്തിന്റെ അപൂർവ്വ പ്രദർശനശാലയായിത്തീരുന്നു മാടായിപ്പാറ.

ഞങ്ങൾക്ക് ഈ പൂക്കൾക്കിടയിലൂടെ പുല്ലിന്റെ നനവു പറ്റി നടക്കാൻ കൂട്ടിന് കുഞ്ഞുചെടികളെക്കുറിച്ചും ശലഭങ്ങളെക്കുറിച്ചും നന്നായറിയുന്ന വി.സി.ബാലകൃഷ്ണൻ എന്ന പ്രകൃതിസ്നേഹി ഉണ്ടായിരുന്നു. അദ്ദേഹം ഓരോ പുൽനാമ്പിലും പൂക്കളിലും തൊട്ട് പേരു പറഞ്ഞു തന്ന് സവിശേഷതകൾ പറഞ്ഞു തന്ന് ഞങ്ങളിൽ അത്ഭുതങ്ങൾ നിറച്ചു. ഷഡ്പദഭോജികളായ ചെടികൾ, കാക്കപ്പൂവും കണ്ണാന്തളിയും വരിനെല്ലും കള്ളിച്ചെടിയും എണ്ണിയാൽ തീരാത്ത സസ്യജാലങ്ങളുടെ അപാരലോകം. ശലഭങ്ങളുടേയും തുമ്പികളുടേയും പൂങ്കാവനം കൂടിയാണ് മാടായിപ്പാറ. നിത്യഹരിത വനങ്ങൾ കഴിഞ്ഞാൽ കേരളത്തിൽ സുലഭമായി ചിത്രശലഭങ്ങളെ കാണാൻ മാടാ





ഫോട്ടോ: ഹസ്സൻ മമ്പാട്

ജീവിത വീക്ഷണം

ബിജു ജോൺ

# സ്വയം വരിച്ച ലാളിത്യം

**മഹത്തായ ശീലങ്ങളിലൊന്നാണ് ലാളിത്യം എന്ന് എല്ലാവർക്കും അറിയാം. സാഹചര്യങ്ങളുടെ നിർബന്ധം കൊണ്ട് ലളിതജീവിതം നയിക്കാൻ നിർബന്ധിതരാവാറുണ്ട് പലരും. എന്നാൽ മറിച്ച് ജീവിക്കാൻ എല്ലാ സാഹചര്യവും ഉണ്ടായിട്ടും ലാളിത്യം സ്വയം വരിക്കുന്നവരാണ് ശരിയായ മഹത്തുക്കൾ.**

വെള്ളത്തിന് ക്ഷാമം വരുമ്പോൾ വെള്ളം കരുതി ഉപയോഗിക്കാൻ നിർബന്ധിക്കപ്പെടുന്നത്, കറന്റില്ലാത്തപ്പോൾ കരി ഉപയോഗിച്ചുള്ള ഇസ്തിരിപ്പെട്ടി അന്വേഷിക്കുന്നതും, കയ്യിലെ ബഡ്ജറ്റ് തീർന്നപ്പോൾ ചുവര് തേക്കാതെ വീട് പണി അവസാനിപ്പിക്കുന്നതും ഒക്കെ സാഹചര്യം കൊണ്ടുള്ള നിർബന്ധം കൊണ്ട് മാത്രം ലാളിത്യം വരിക്കാൻ നിർബന്ധിക്കപ്പെടുന്നതാണ്. മഹാനായ റഷ്യൻ വിപ്ലവകാരി ലെനിനെ കാണാനെത്തിയ ഗ്രാമീണ കർഷകൻ പ്രസിഡന്റ് ലെനിന്റെ ഭക്ഷണ മെനു കണ്ട് അമ്പരന്ന് പോയത്രേ! സാധാരണക്കാരിൽ സാധാരണക്കാരൻ മാത്രം കഴിക്കാറുള്ള റൊട്ടിയും ഉണക്കിയ ഇറച്ചിയും! കേരളത്തിലെ ആദ്യസർക്കാരിലെ മന്ത്രിമാരെ കുറിച്ചുള്ള രസകരമായ ഒരു കഥയുണ്ട്. ഡൽഹിയിൽ കേരളാ ഹൗസിൽ ഒരു കോട്ട് സ്ഥിരം സൂക്ഷിച്ചിരുന്നത്രേ! കേരളത്തിൽ നിന്ന് മുഖ്യമന്ത്രി ഇ.എം.എസും മന്ത്രിമാരും ഡൽഹിയിൽ എത്തുമ്പോഴൊക്കെ എല്ലാവരും മാറിമാറി ഉപയോഗിക്കുന്നത് ഈ ഒരു കോട്ടായി രുന്നുവത്രേ! മഹാനായ അബ്രഹാം ലിങ്കൺ, നമ്മുടെ മഹാത്മാ ഗാന്ധിജി ഇവരൊക്കെ ലാളിത്യത്തിന്റെ ജീവിതശൈലി സ്വയം വരിച്ചവരായിരുന്നു. പാശ്ചാത്യ നാടുകളിൽ സ്വകാര്യവാഹനങ്ങൾ വീട്ടിലിട്ട് പൊതുവാഹനം തെരഞ്ഞെടുക്കുവാൻ ഇപ്പോൾ ആളുകൾ തയ്യാറാവുന്നത് ഗതികേടുകൊണ്ടോ മറ്റൊരു വഴിയും ഇല്ലാത്തതിനാലോ ആണ്. ട്രാഫിക് ജാമിൽ പെട്ട് കുടുങ്ങാതെ സമയത്ത് ഓഫീസിലെത്താൻ പോക്കറ്റ് വഴിയിലൂടെ നടന്ന് പോവുന്ന നഗരവാസി, ലാളിത്യത്തിലേക്ക് ആട്ടിയോടിക്കപ്പെട്ടവനാണ്!



ലാളിത്യം സ്വയം വരിച്ച മഹാനായിരുന്നു എബ്രഹാം ലിങ്കൺ

കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ച് ആലോചിച്ച് ബേജാറാവുന്ന വികസിത രാഷ്ട്രനേതാക്കൻമാർ സാഹചര്യത്തിന്റെ സമ്മർദ്ദം കൊണ്ട് മാത്രം ഹരിതഗൃഹവാതകം പരമാവധി കുറച്ച് പുറന്തള്ളുന്ന ജീവിതശൈലിയെ കുറിച്ച് ആലോചിക്കുന്നു. സമ്പന്നതയുടെയും വിഭവങ്ങളുടെയും മധ്യത്തിൽ പോലും സ്വയം ലാളിത്യം ഏറ്റ് വാങ്ങുന്ന ലാളിത്യം ജീവിത ശൈലിയായി സ്വീകരിക്കുന്ന അവസരമുണ്ടായിട്ടും ആർഭാടത്തെ പുറത്തു നിർത്തുന്ന ഒരു ന്യൂനപക്ഷമെങ്കിലും ഇന്നുമുണ്ട്. ലളിത ജീവിതം സ്വയം വരിക്കേണ്ടതാണ്; അടിച്ചേൽപ്പിക്കപ്പെടേണ്ടതല്ല. സാഹചര്യം കൊണ്ട് മാത്രം ലാളിത്യം ശീലിക്കുന്നവൻ അവസരം വന്നാൽ ധൂർത്തിന്റെ ചക്രവർത്തിയാവും. പണമില്ലാത്തപ്പോൾ സാത്വിക ജീവിതം. പത്ത് കാശ് വന്ന് ചേരുമ്പോൾ സാത്വികതയൊക്കെ വരട്ട് വാദമാവുകയും ക്യാപ്പിറ്റലിസത്തിന്റെ വക്താക്കളാവുകയും ചെയ്യുന്നവരിന്ന് ഏറെയാണ്. ചെറിയ ഒരു ഉദാഹരണം. ചിലവ് ചുരുക്കി പ്രകൃതിക്ക് ചേർന്ന വീടുകൾ നിർമ്മിക്കുന്നതിൽ പരിചയസമ്പന്നനായ ഐഡിയൽ അഷ്റഫ് പറഞ്ഞ അനുഭവമാണ്. ഇടക്കാലത്ത് ചുരുങ്ങിയ ചിലവിൽ കോൺക്രീറ്റ് പ്ലാസ്റ്ററിംഗ് ഇല്ലാതെയും ഫില്ലർ സ്ലാബ് വെച്ച് വാർത്തും മനോഹരമായ വീടുകൾ ലാഭം നോക്കാതെ പലർക്കും നിർമ്മിച്ച് നൽകി. ഓരോ വീടും ഓരോ ശിൽപം പോലെ മനോഹരമായിരുന്നു. കുറച്ച് നാൾ കഴിഞ്ഞ് നോക്കിയപ്പോൾ പലരും വീട് ചെത്തിത്തേച്ച് വലിപ്പം കൂട്ടി രൂപഘടന തന്നെ മാറ്റിയതായി കണ്ടു. പണം വന്നുചേർന്നപ്പോൾ ലോ കോസ്റ്റ് വീട് മാനക്കേടായി തോന്നിയവർ ലക്ഷ്വറി വീടുകളാക്കി മാറ്റി. പണം കയ്യിലില്ലാത്തപ്പോൾ ലാളിത്യം. പണം കൂടുതലാവുമ്പോൾ ധൂർത്ത്!

---

യിപ്പാറയിൽ വരണം. 120 ഓളം തരം ചിത്രശലഭങ്ങളെയും 25 ഓളം തരം തുമ്പികളെയും ഇവിടെ നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. മാടായിക്കാവ് ഈ കുന്നിൻമുകളിലാണ്.

മൂന്ന് വലിയ കുളങ്ങളുണ്ട് മാടായിപ്പാറയുടെ മുകളിൽ. പൗരാണിക കാലത്ത് കേരളത്തിലെത്തിച്ചേർന്ന ജൂതസംഘങ്ങളിൽ ഒരു സംഘം താവളമാക്കിയത് മാടായിയിലായിരുന്നു. അന്നു നിർമ്മിച്ച ജൂതക്കുളം ജലസമൃദ്ധിയോടെ ഇന്നുമുണ്ട്. ഒന്നര ഏക്കർ വിസ്തൃതിയിൽ നീണ്ടുകിടക്കുന്ന വടുകുന്ദക്ഷേത്ര ക്കുളവും മാടായിക്കുളവും ഈ കുന്നിൻമുകളിലുണ്ട്. ഏതു കൊടുംവേനലിലും വെള്ളം നിലനിൽക്കുന്ന കുളങ്ങളും നീർച്ചാലുകളും മാടായിപ്പാറയെ ജലസമൃദ്ധമാക്കുന്നു. വർഷകാലത്ത് പെയ്ത വെള്ളം വലിച്ച് കുടിച്ച് ചീർത്തു നിൽക്കുന്ന കുന്ന് വേനൽക്കാലങ്ങളിൽ കുറേശ്ശെ ഈ വെള്ളം ഉറവയായി വിട്ടുകൊടുക്കുന്നു. അതുകൊണ്ടാണല്ലോ ചെങ്കൽകുന്നുകൾ നാടിന്റെ ജലസംഭരണികളാകുന്നത്.

ചരിത്രം പഠിക്കാനും ഈ കുന്ന് കേറാം. ഏഴിമല രാജവംശവും ടിപ്പുവിന്റെ പടയോട്ടവും പറങ്കിപ്പടയും ജൂത-മുസ്ലിം നാഗരികതയും. ഈ കുന്ന് കോറിവെച്ച ചരിത്രരേഖകൾ നിരവധിയാണ്.

ഹെർമൻ ഗുണ്ടർട്ട് പണ്ട് ഗ്രന്ഥരചന നിർവ്വഹിക്കാനായി താമസിച്ച പഴയ ബംഗ്ലാവ് ഇന്നും പൗരാണിക പ്രൗഢിയോടെ ഇവിടെയുണ്ട്. ഇന്നിത് PWD റസ്റ്റ്ഹൗസാണ്.

പറഞ്ഞുതീരാത്ത ജൈവസമ്പന്നതയുടെ കലവറയായ ഈ കുന്നിനെ ഇടിച്ചുനിരത്തി സവിശേഷമായ മണ്ണ് എടുത്ത് വിൽപന നടത്താൻ ക്ലേ ഫാക്ടറിക്കാർ വന്നതായിരുന്നു കുന്നിന് നേരെയുണ്ടായ ഏറ്റവും വലിയ കയ്യേറ്റം. കുന്നിന്റെ പടിഞ്ഞാറെ വശത്ത് ഖനനവും ആരംഭിച്ചു. സ്ഫോടകവസ്തുക്കൾ ഉപയോഗിച്ച് വൻഖനനം തുടങ്ങിയതോടെ മാടായിപ്പാറയുടെ മാറിൽ ആഴത്തിലുള്ള ഭീകര വിള്ളലുകൾ ഉണ്ടായി. ജനങ്ങൾ സമരപരിപാടികളുമായി ഇറങ്ങി. ഖനനത്തിന് നിയന്ത്രണം വന്നെങ്കിലും മാടായിപ്പാറ നാശത്തിന്റെ ഭീഷണിയിൽ നിന്നും വിമുക്തമായിട്ടില്ല.

പ്രകൃതിസ്നേഹികളായ സുമനസ്സുകൾ ഇടക്കിടെ ഈ കുന്ന് കേറി വരുന്നു. കുട്ടികളെയും കൊണ്ടു വന്ന് കുന്നിൻ മുകളിൽ താമസിച്ച്, നിലാവറിഞ്ഞ്, കാറ്ററിഞ്ഞ്, മഴയറിഞ്ഞ്, കുന്നിന്റെ ജീവനസംഗീതം കേട്ട് ഒന്നോ രണ്ടോ ദിവസങ്ങൾ ചിലവഴിക്കുന്നു. കുന്നിനെ ഹൃദയത്തിലേറ്റി തിരിച്ചുപോകുന്നു.

ഞങ്ങളും കുന്നിറങ്ങി. മഹത്തായ പാഠങ്ങൾ പഠിച്ചുകൊണ്ട്. ഈയൊരു കുന്നിന് ഇത്രമാത്രം പഠിപ്പിക്കാ നാവുമെങ്കിൽ എല്ലാ കുന്നുകൾക്കുമില്ലേ പകർന്നുതരാൻ കഴിയുന്ന അമൂല്യ പാഠങ്ങൾ.

ഉമ്മറത്തിണ്ണയിൽ വെച്ച കിണ്ടി കാണാതാകുന്ന പോലെ കുന്നുകൾ ഓരോന്നായി മറഞ്ഞുപോവും മുമ്പേ നമുക്ക് നമ്മുടെ അവശേഷിക്കുന്ന കുന്നുകളെയെങ്കിലും സംരക്ഷിക്കാം.

പ്രയോഗം

കരീം കെ. പുറം

# ചില കല്യാണ വിശേഷങ്ങൾ

പ്ലാസ്റ്റിക്കെന്ന ഭീകരന്റെ സംഹാരതാണ്ഡവം ഭൂമിയിൽ ആരംഭിച്ചിട്ട് അധികകാലമായിട്ടില്ലെങ്കിലും ഭൂമിയിലെ സർവ്വ ജീവജാലങ്ങൾക്കും ഭീഷണിയായി അത് മാറിക്കഴിഞ്ഞു. ഇതിനെതിരെ നമുക്കൊന്നും ചെയ്യാൻ കഴിയില്ലേ? കഴിയും. നമ്മെക്കൊണ്ടാവുന്നത് ചെയ്യാൻ കഴിയും. നമ്മുടെ ആഘോഷവേളകൾ പ്ലാസ്റ്റിക് രഹിതമാക്കാൻ പരമാവധി ശ്രമിക്കാം.

അത്തരം ഒരു ശ്രമത്തിന്റെ അനുഭവസാക്ഷ്യമാണിവിടെ കുറിക്കുന്നത്. തിരൂർ ഗാന്ധിയൻ പ്രകൃതി ചികിത്സാലയത്തിന്റെ സാരഥിയും, പ്രമുഖ പരിസ്ഥിതി പ്രവർത്തകനുമായ ഡോ: പി.എ.രാധാകൃഷ്ണന്റെ സഹോദരന്റെ മകളുടെ കല്യാണം ഈ വൃത്തികെട്ട പ്ലാസ്റ്റിക് കപ്പുകൾ ഇല്ലാതെയാണ് ആഘോഷിക്കപ്പെട്ടത്. കല്യാണം ഇക്കോ-ഫ്രണ്ട്ലിയാക്കണമെന്ന ആശയം മുമ്പോട്ട് വെച്ചപ്പോൾ തന്നെ സ്റ്റീൽ കപ്പുകൾ കൊണ്ടു വരാമെന്നും, അത് കഴുകി തരാമെന്നും ഞങ്ങളേറ്റു. ഞാനും എന്റെ സുഹൃത്തുക്കളായ അനിൽ ചാലക്കുടിയും, കെ.പി ഇല്യാസും, ശശി ഡ്രീംസും ഒക്ടോബർ 25 ന് രാവിലെ ഗുരുവായൂരെത്തി. ഞങ്ങൾ ആയിരത്തി ഇരുന്നൂറോളം കപ്പുകളു(സ്റ്റീൽ ഗ്ലാസ്)മായാണ് വന്നത്. കല്യാണമണ്ഡപത്തിലെ ഡൈനിംഗ് ഹാളിൽ നൂറ്റി എഴുപത് ആളുകൾക്ക് ഒരു സമയം ഇരുന്ന് ക്ഷണം കഴിക്കാം. അപ്പോൾ ഒരു പന്തിക്ക് പായസം വിളമ്പാനടക്കം മുന്നൂറ്റി നാൽപത് ഗ്ലാസ് വേണം. മൂന്ന് ട്രിപ്പിനുള്ള ഗ്ലാസുകൾ സ്റ്റോക്കുണ്ടായിരുന്നതുകൊണ്ട് ഡൈനിംഗ് ഹാളിൽ സ്റ്റീൽ ഗ്ലാസുകൾക്ക് ഒരു ക്ഷാമവും അനുഭവപ്പെട്ടില്ല. പായസം കുടിച്ച ഗ്ലാസുകൾ വേറെ വേറെ ബക്കറ്റിൽ സംഭരിച്ചതു കൊണ്ട് കൂടുതൽ ബുദ്ധിമുട്ടനുഭവപ്പെട്ടില്ല. ഏകദേശം മൂവായിരത്തോളം പ്ലാസ്റ്റിക് കപ്പുകളാണ് ഞങ്ങളുടെ ഇടപെടൽ മൂലം ഒഴിവാക്കപ്പെട്ടത്. അതിന് ചിലവ് വരുമായിരുന്ന പണത്തേക്കാളും കൂടുതൽ പണം ഞങ്ങൾക്കവർ പാരിതോഷികമായി തന്നു. ഒരു ഇക്കോ ഫ്രണ്ട്ലി കല്യാണം നടത്തിയതിന്റെ ആത്മസംതൃപ്തിയിൽ ഡോ: പി.എ.രാധാകൃഷ്ണനും, ഇത്തരം ഒരു ഇക്കോ ഫ്രണ്ട്ലി കല്യാണത്തിന് ഗ്ലാസ് കഴുകാനവസരം കിട്ടിയതിൽ ഞങ്ങളും അതീവ സംതൃപ്തരായിരുന്നു. ഇത്തരത്തിലുള്ള ഇക്കോ ഫ്രണ്ട്ലി സൽക്കാരങ്ങൾക്കാവശ്യമായ സ്റ്റീൽ കപ്പുകളുമായി വരാനും, ആവശ്യങ്ങൾ ഏറ്റവും ഭംഗിയാക്കി നിർവ്വഹിക്കാനും ഞങ്ങളൊരുക്കമാണെന്നറിയിക്കുന്നു.

പണം കിട്ടാനുള്ള ഒരു പണിയായിട്ടല്ല ഞങ്ങളീ ഗ്ലാസ് കഴുകലിനെ കാണുന്നത്. ഞങ്ങൾക്കെല്ലാം വേറെ പണിയുണ്ട്. എന്നാൽ ഗ്ലാസ് കഴുകാനൊന്നും ആളെ കിട്ടാത്തതുകൊണ്ടാണ് ഞാനീ ഡിസ്പോസി ബിൾ കപ്പുകളുപയോഗിച്ചത് എന്ന് പറയാതിരിക്കാനും, കഴിയുന്നത്ര ഡിസ്പോസിബിൾ കപ്പുകൾ ഉപയോഗിക്കാതിരിക്കാനുള്ള വഴിയായുമാണ് ഞങ്ങളീ സംരംഭത്തെ കാണുന്നത്. ഡിസ്പോസിബിൾ കപ്പുകൾക്ക് ചിലവാക്കുന്ന പണമെങ്കിലും ഞങ്ങൾക്ക് കിട്ടുകയും വേണം. അല്ലെങ്കിൽ ഇത് മുന്നോട്ട് പോവുകയില്ല. ഞങ്ങൾ സ്റ്റീൽ കപ്പുകൾ അവതരിപ്പിച്ച ഗുരുവായൂർ, കോട്ടപ്പടി, മിലാൻ ഓഡിറ്റോറിയ ത്തിലെ കാറ്ററിംഗ് സുഹൃത്തുക്കൾ പറഞ്ഞത് ഞങ്ങളും ഈ പരിപാടി തുടങ്ങുമെന്നാണ്. കാരണം ഞങ്ങൾക്ക് കിട്ടിയ മൂവായിരം രൂപ അവർക്ക് കിട്ടേണ്ടതായിരുന്നു. കുറച്ചു സ്റ്റീൽ കപ്പുകൾ സംഘടിപ്പി ച്ചാൽ മൂന്ന് മണിക്കൂർ നേരത്തെ പണികൊണ്ട് ഇത്രയും പണം അവർക്ക് കിട്ടുമായിരുന്നു. ചുരുങ്ങിയത് കേരളം മുഴുവൻ ഈ ഡിസ്പോസിബിൾ സംസ്ക്കാരം വളർന്നു വരണം. ഹോട്ടലിലും റിസോർട്ടുകളിലും സ്റ്റീൽ ഗ്ലാസുകളിൽ വെള്ളവും ചായയും കുടിക്കുന്ന മലയാളിക്ക് കല്യാണപ്പൊങ്ങച്ചത്തിന് ഡിസ്പോസി ബിൾ ഉപയോഗിക്കുന്ന ശീലം ഇല്ലാതാക്കാൻ ഡോ: പി.എ.രാധാകൃഷ്ണനെപ്പോലെ ഇച്ഛാശക്തി യുള്ളവർ രംഗത്ത് വരണം. ഒരു പരിസ്ഥിതി പ്രവർത്തകനും അവന്റെ വീട്ടിലെ ആഘോഷങ്ങൾക്ക് ഡിസ്പോസിബിൾ കപ്പുകളുപയോഗിക്കരുത്. മറ്റുള്ളവർ ഭൂമിയുടെ നാശത്തെ കുറിച്ച് വേവലാതികളി ല്ലാത്തവരാണ്. അവർ പ്ലാസ്റ്റിക് കപ്പ് മാത്രമല്ല പ്ലാസ്റ്റിക് വാഴയിലയും കല്യാണത്തിനുപയോഗിക്കും. അവരത്രക്കും വിവരം കെട്ടവരാണ്. അവരെ കുറിച്ച് സഹതപിക്കാനല്ലാതെ മറ്റൊന്നിനും നമുക്ക് കഴിയില്ല. എന്നാൽ പ്ലാസ്റ്റിക് വാഴയിലയും, പ്ലാസ്റ്റിക് ഡിസ്പോസിബിൾ കപ്പുമുപയോഗിക്കുന്ന പരിസ്ഥിതിക്കാർക്ക്, പരിസ്ഥിതി കുപ്പായമിട്ടവർക്ക് മാപ്പുകൊടുക്കാൻ ഞങ്ങൾ തയ്യാറല്ല. രാജ്യത്തുടനീളം പ്ലാസ്റ്റിക് വിതറി, അവയെല്ലാം ,സംഭവിക്കപ്പെടുന്ന ഞെളിയൻപറമ്പുകൾക്കും, ലാലൂരിനുമെതിരെ സമരം ചെയ്തിട്ടെന്തുകാര്യം? എല്ലാ സമരവും ആദ്യം ചെയ്യേണ്ടത് നമ്മോട് തന്നെയാണ്. നമ്മോട് സമരം ചെയ്ത് നാം ജയിച്ചിട്ട് വേണം മറ്റുള്ളവരെ തോല്പിക്കാനുള്ള സമരം ചെയ്യാൻ. ഏത് സംരംഭത്തേയും അടിസ്ഥാനവർഗം സംശയത്തോടെയേ വീക്ഷിക്കൂ എന്നതും സാർവ ലൗകികമാണ്. ഞങ്ങൾ നടത്തിയ പ്ലാസ്റ്റിക് വിരുദ്ധ സമരത്തേയും മിലാൻ ഓഡിറ്റോറിയത്തിലെത്തിയ വരും ആദ്യം സംശയത്തോടെയാണ് വീക്ഷിച്ചത്. ഒടുവിൽ കുറേ ചെറുപ്പക്കാർ ഞങ്ങളോട് സംസാരിക്കാൻ തയ്യാറായതും ഞങ്ങൾക്കവരോട് കാര്യങ്ങൾ വിശദീകരിക്കാൻ കഴിഞ്ഞതും മാത്രമാണ് ഇതിൽനിന്ന് കിട്ടിയ പ്രാഥമിക ലാഭം. അതാണ് ഞങ്ങൾ ആഗ്രഹിച്ചതും.

*ബന്ധങ്ങൾക്ക്:*
*കെ.പി.ഇല്യാസ് 9446661698,*
*കരീം.കെ.പുറം 9495040513*


## മാസിക കിട്ടുന്നില്ലേ...?

മാസിക കൃത്യമായി ഇറക്കാൻ ഞങ്ങൾ പരമാവധി ശ്രമിക്കുന്നു. ഇടക്ക് മുടങ്ങുന്നു. എങ്കിലും 100 രൂപ അയച്ചവർക്ക് കൃത്യമായി 16 ലക്കങ്ങൾ മുടങ്ങാതെ അയച്ചുതരും.

മാസികയുടെ ലക്കം നമ്പർ തുടർച്ചയാണ്. ഏതെങ്കിലും ലക്കം കിട്ടാതെപോയവരിക്കാർ ലക്കം നമ്പർ കാണിച്ച് കൃത്യമായ വിലാസമെഴുതി ഒരു കാർഡിടുക.

**ലിറ്റിൽമാസിക, ചുങ്കത്താറ പി.ഒ,**
**മലപ്പുറം ജില്ല - 679334**

# ട്രെയിനിൽ ഒരു പ്രസവം

**കമ്പാർട്ട്മെന്റിലെ ടോയ്‌ലറ്റിൽ നടന്ന അത്ഭുത പ്രസവം. ശിശു പുറത്ത് ട്രാക്കിലേക്ക് തെറിച്ചുവീണു, പക്ഷേ അത്ഭുതകരമായി രക്ഷപ്പെട്ടു.**

ഇക്കഴിഞ്ഞ ഒക്ടോബർ 9 ഉച്ച കഴിഞ്ഞ് 2 മണി സമയം. ബംഗാൾ സ്വദേശിയായ റിങ്കു ദേബുറായ് പൂർണ്ണ ഗർഭാവസ്ഥയിൽ ഭർത്താവുമായി ടാറ്റാ ചോപ്രാ എക്സ്പ്രസ് ട്രെയിനിൽ യാത്ര ചെയ്യുകയായിരുന്നു.

പ്രസവവേദന അനുഭവപ്പെട്ടപ്പോൾ റിങ്കു ടോയ്‌ലറ്റിലേക്ക് ഓടി. ടോയ്‌ലറ്റിൽ വെച്ച് പ്രസവം. ക്ലോസറ്റിലെ വിശാലമായ ഔട്ട്‌ലെറ്റിലൂടെ ശിശു വഴുതി ട്രാക്കിൽ വീണു. ധൈര്യം വിടാതെ അസാമാന്യ മനസാന്നിധ്യത്തോടെ റിങ്കു ചാടിയിറങ്ങി അപായ ചങ്ങല വലിച്ചു. നിർത്തിയ ട്രെയിനിൽ നിന്നും കുതിച്ചിറങ്ങി ട്രാക്കിൽ നിന്നും ശിശുവിനെ വാരിയെടുത്തു. പ്രസവിച്ച കുഞ്ഞിനെ റെയിൽവേ ട്രാക്കിൽ നിന്നും കോരിയെടുക്കേണ്ട അപൂർവ്വ അനുഭവം. ട്രെയിനിൽ യാത്ര തുടർന്ന ദമ്പതികൾ ശിശുവുമായി ആശുപത്രിയിലെത്തി. കുഞ്ഞിനും അമ്മയ്ക്കും പൂർണ്ണ ആരോഗ്യം.

മേൽ വിവരിച്ചത് കെട്ടുകഥയൊന്നുമല്ല. ഇക്കഴിഞ്ഞ ഒക്ടോബർ 10-ാം തീയതിയിലെ പത്രമാധ്യമങ്ങളിൽ റിപ്പോർട്ട് ചെയ്തുവന്ന സംഭവമാണിത്. ഇനി നമുക്ക് നമ്മുടെ നാട്ടിലെ സ്വകാര്യ ആശുപത്രികളിലെ പ്രസവ വാർഡിന് മുന്നിൽ നിത്യം അരങ്ങേറുന്ന സംഭവവികാസങ്ങൾ ഒന്ന് ഭാവനയിൽ കണ്ടുനോക്കാം. ടെസ്റ്റുകളുടെയും സ്കാനിംഗുകളുടെയും പരമ്പരകൾ നവജാതശിശുവിനെ പുറംലോകം കാണിക്കാതെ പ്രത്യേക വാർഡിൽ പരിചരണം ഉദ്വേഗജനകവും സംഘർഷനിർഭരവുമായ കുറേ ദിവസങ്ങളും നിമിഷങ്ങളും സാവകാശം കിട്ടിയിരുന്നെങ്കിൽ മേൽപറഞ്ഞ റിങ്കു എന്ന ബംഗാളി യുവതിയും സാധാരണ ഒരു ആശുപത്രിയിൽ എത്തുകയും പ്രസവത്തിന്റെ സകല ചിട്ടവട്ടങ്ങൾക്കും വിധേയമായി ആഘോഷപൂർവ്വമായ ഒരു പ്രസവം തന്നെ ആകുമായിരുന്നില്ലേ എന്ന് ആലോചിക്കുക.

# അഹിംസയുടെ മാർഗ്ഗത്തിൽ ക്രിസ്തുമസ് ആഘോഷം

ലോക അഹിംസാ ദിനമായ ഗാന്ധി ജയന്തിക്ക് ന്യൂസിലാന്റിൽനിന്നും പുറപ്പെട്ട് 2010 ജനുവരി 2 ന് അർജന്റീനയിൽ സമാപിക്കുന്ന അഹിംസക്കും സമാധാനത്തിനും വേണ്ടിയുള്ള വേൾഡ് മാർച്ചിനോട് ഐക്യപ്പെട്ട് ഈ വർഷത്തെ ക്രിസ്മസ് ഹിംസയില്ലാതെ ആഘോഷിക്കുന്നു. 2009 ഡിസംബർ 20 ന് ഞായർ വൈകീട്ട് 4 ന് സാഹിത്യ അക്കാദമിയിൽ

ഏവർക്കും സ്വാഗതം. പിറവി, ഗാനാലാപനം,പരിചയപ്പെടൽ, ക്രിസ്മസ് സന്ദേശം, വെളിച്ചത്തിലേക്ക്,പന്തിഭോജനം, യാത്രാമൊഴി എന്നീ പരിപാടികളോടെയുള്ള സൽസംഗം ഉണ്ടായിരിക്കും.

### സൽസംഗം

ഭാരതീയവും ക്രൈസ്തവവും, മതേതരവും ആത്മീയവുമായ അന്വേഷണങ്ങളുടെ ഒരാവിഷ്ക്കാരം. ഫാദർ അഗസ്റ്റിൻ വട്ടോളി, സ്വാമി ആത്മാനന്ദ തീർത്ഥ, ഫാദർ എ.സി തോമസ്, ഗിരീശൻ മാഷ്, ഡേവീസ് വളർക്കാവ് എന്നിവർ പരിപാടിയിൽ നമ്മോടോപ്പം ഉണ്ടായിരിക്കും.

പുതിയ ലോകത്തിന്റെ ആത്മീയതയിലേക്കും, ജീവകാരുണ്യത്തിന്റെ യഥാർത്ഥ അർത്ഥതലങ്ങളിലേക്കും നമുക്ക് ഹൃദയം തുറന്നുവെക്കാം. കമ്പോളത്തിന്റെയും മതശീലത്തിന്റെയും, ആഘോഷങ്ങൾക്കുമപ്പുറത്ത് പുൽക്കൂടിന്റെ ലാളിത്യത്തിലും, ഭൂമിയിൽ സന്മനസിനായുള്ള സൽസംഗത്തിലും, താങ്കളും ഉണ്ടായിരിക്കണം. രക്ഷകന്റെ ജന്മദിനം രക്തപങ്കിലമാകാതെ അഹിംസാത്മകമായി നടത്തുന്ന വെജിറ്റേറിയൻ ക്രിസ്മസിലേക്ക് ഏവർക്കും സ്വാഗതം.

വരുന്ന വിവരം ഒന്ന് വിളിച്ചറിയിക്കുക. സ്വാഗതസംഘം: 9895148998.

# സൈക്കിൾ വിത്ത് എ മിഷൻ

**ഇരു ചക്രത്തിൽ 8 ദിവസം കൊണ്ട് 625 കിലോമീറ്റർ!!**

ഡിസംബർ 20 മുതൽ 28 വരെ കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ സൈക്കിൾ സന്ദേശ യാത്ര.

625 കിലോമീറ്റർ 8 ദിവസം കൊണ്ട് സൈക്കിളിൽ താണ്ടി നടത്തുന്ന കാമ്പ



യിൻ, തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന ചില്ല എന്ന സംഘടനയുടെ പ്രവർത്തന ഫണ്ട് സമാഹരിക്കുക എന്ന ഉദ്ദേശത്തോടെയാണ്. ഒപ്പം പ്രകൃതി സൗഹൃദപരമായ ജീവിതശൈലിയുടെ പ്രചരണവും സൈക്കിൾ യാത്രാ പ്രചാരണ പരിപാടിക്ക് പിന്നിലുണ്ട്.

കാമ്പയിനിൽ സഹകരിക്കാനും പങ്ക്ചേരാനും സുമനസ്സുകളെ ക്ഷണിക്കുകയാണ് മുഖ്യസംഘാടകനായ പ്രകാശ്. പി.ഗോപിനാഥ്.

ബന്ധങ്ങൾക്ക് 9895034455 എന്ന മൊബൈൽ നമ്പറിൽ വിളിക്കാം

### ചില്ലയെ കുറിച്ച്

ലൈംഗികതൊഴിലിൽ ഏർപ്പെട്ട സ്ത്രീകളുടെ കുട്ടികൾക്കായി തിരുവനന്തപുരത്ത് പ്രവർത്തിക്കുന്നു. അവരുടെ അമ്മമാരെപ്പോലെ തെരുവിൽ വലിച്ചെറിയപ്പെടാതെ അവർക്കായി ഒരു നല്ല ഇടം- അതാണ് ചില്ല. സമൂഹത്തിൽ അവഗണിക്കപ്പെടുന്ന നിന്ദിക്കപ്പെടുന്ന ബാല്യങ്ങൾക്ക് ഒരു അത്താണിയാണീ സ്ഥാപനം.

### ചില്ലയുടെ വിലാസം:

'ചില്ല', വീട്ട് നമ്പർ - 37
വിദ്യാധിരാജ നഗർ
പൂജപ്പുര പി.ഒ.
തിരുവനന്തപുരം-695012
ഫോൺ: 0471 2350598
Cell: 9387224468
Email: chillaindia@yahoo.com
Web: www.anannia.org

ഐക്യദാർഢ്യം

# നൽകുന്നതിന്റെ ആനന്ദം

**Give G Foundation എന്ന സന്നദ്ധസംഘടനയെക്കുറിച്ച്...**

**നിങ്ങളുടെ പക്കൽ അധികമുള്ളതെന്തും! പണമാകട്ടെ, വസ്തുക്കളും ഉപകരണങ്ങളും പുസ്തകങ്ങളും ആവട്ടെ ദാനം ചെയ്യാൻ തയ്യാറാണോ? www.GiveG.com സന്ദർശിക്കൂ.**

നിങ്ങൾ ദാനം ചെയ്യാൻ ഉദ്ദേശിക്കുന്നത് എന്താണെന്നും നിങ്ങളുടെ വിവരങ്ങളും രേഖപ്പെടുത്തൂ. ഓർക്കുക നിങ്ങളുടെ സേവനങ്ങളും നിങ്ങൾക്ക് ദാനം ചെയ്യാം. .

ദാതാവ് എന്ന നിലയിൽ നിങ്ങൾ രജിസ്റ്റർ ചെയ്താൽ ആവശ്യമുള്ള അർഹരായ വ്യക്തികൾ, സന്നദ്ധ സംഘടനകൾ നിങ്ങളെ സമീപിക്കുകയും നിങ്ങളുടെ സേവനം/സഹായം സ്വീകരിക്കുകയും ചെയ്യും.

## നിങ്ങളെ കാത്തിരിക്കുന്നത് സമ്മാനങ്ങൾ

പ്രതിഫലമോ അംഗീകാരമോ നിങ്ങൾ ആഗ്രഹിക്കുന്നില്ലായിരിക്കാം.പക്ഷേ നിങ്ങളിൽ നിന്ന് സേവനം ലഭിക്കുന്നവർക്ക് നിങ്ങളെ ആദരിക്കണം എന്ന് തോന്നിയാൽ അതിനും അവസരമുണ്ട്. നിങ്ങളിൽ നിന്നു കിട്ടുന്ന സഹായത്തിനും സേവനത്തിനും ഗുണഭോക്താവ് പോയിന്റുകൾ Give G Foundation നെ അറിയിക്കുന്നു. നിങ്ങൾക്ക് കിട്ടുന്ന ഈ റിവാർഡ് പോയിന്റുകൾക്കനുസരിച്ച് നിങ്ങൾക്ക് ഉപഹാരങ്ങളും അംഗീകാരങ്ങളും ലഭിക്കുന്നു.

ഇതൊരു സമ്മാന പദ്ധതിയല്ല.പക്ഷേ അംഗീകാരങ്ങളും ഉപഹാരങ്ങളും നിങ്ങൾ ആഗ്രഹിക്കാതെ തന്നെ വന്നുചേരുന്നു എന്ന് മാത്രം.

അധികമുള്ളതും നൽകാൻ കഴിവുള്ളതുമായ എത്ര ചെറിയ സാധന സേവനവും അർഹിക്കുന്ന പാവപ്പെട്ടവർക്ക് നൽകാൻ തയ്യാറാണെങ്കിൽ വിവരം SMS മുഖേന അറിയിക്കാം. അല്ലെങ്കിൽ www.GiveG.com ൽ ലോഗിൻ ചെയ്യാം.

# 2.3 ബില്ല്യൻ അമേരിക്കൻ ഡോളർ നഷ്ടപരിഹാരം!!

ജീവൻരക്ഷാമരുന്നുകളിൽ (2001മുതൽ 2008 വരെയുള്ള കാലത്ത്)കൃത്രിമം കാണിച്ചതിന് ലോകത്തെ ഏറ്റവും വലിയ മരുന്നു കമ്പനികളിൽ ഒന്നായ Phizer കമ്പനി 2.3 ബില്ല്യൻ നഷ്ടപരിഹാരം നൽകി തൽക്കാലം തടിയൂരിയിരിക്കുന്നു! ലേബലിൽ കൃത്രിമം കാണിച്ചതിനും മരുന്ന് ചിലവാക്കാൻ ഡോക്ടർമാർക്ക് കൈക്കൂലി കൊടുത്തതിനുമാണ് കേസെടുത്തിരുന്നത്.

പേശിവേദനകൾക്ക് പരിഹാരമായി ഇവർ ഉല്പാദിപ്പിച്ച് വിതരണംചെയ്ത Bextra,മാനസികവൈകല്യ ത്തിനുള്ള Geodon, അപസ്മാരത്തിനുള്ള Lyricia ഈ മരുന്നുകൾ കൃത്യമായ പരീക്ഷണ നിരീക്ഷണങ്ങൾ നടത്താതെ വ്യാപകമായി അമേരിക്കയിൽ വിറ്റഴിച്ചതിനെതിരെ ജനകീയ ആരോഗ്യ പ്രവർത്തകർ നൽകിയ പൊതുതാല്പര്യ കേസുകൾ വിചാരണയ്ക്കെത്തിയപ്പോൾ കമ്പനിയുടെ മുഖം രക്ഷിക്കാൻ വേണ്ടി 2.3 ബില്ല്യൻ അമേരിക്കൻ ഡോളർ നഷ്ടപരിഹാരം നൽകി തൽക്കാലം കേസിൽ നിന്ന് തടിയൂരി.

ഇത് അമേരിക്കയിൽ ആരോഗ്യ രംഗത്തെ കൃത്രിമത്തിന് നൽകുന്ന ഏറ്റവും വലിയ നഷ്ടപരിഹാരസംഖ്യയാണ്.

ഇന്ത്യയിലും വ്യാപകമായി വിതരണം ചെയ്യുന്ന കൃത്രിമ മരുന്നുകളെപ്പറ്റി വസ്തുനിഷ്ഠമായ പഠനവും പരീക്ഷണവും ആവശ്യമാണ്. ബഹുരാഷ്ട്ര കമ്പനികൾ ഇന്ത്യയിൽ യാതൊരു നിയന്ത്രണവുമില്ലാതെ ഇത്തരം മായം ചേർക്കലുകൾ നടത്തുന്നു. ഇന്ത്യയിലും ഡോക്ടർമാർക്ക് വിദേശയാത്രയും ന്യൂ ജനറേഷൻ കാറുകളും വിദേശപാക്കേജ് ടൂറുകളും വാഗ്ദാനം ചെയ്ത് അനാവശ്യ മരുന്നുകൾ പ്രിസ്ക്രൈബ് ചെയ്യിപ്പിക്കാറുണ്ട്.

**അഡ്വ. പി.എ പൗരൻ**

## അമേരിക്കയുടെ രാസപരീക്ഷണം സ്വന്തം ജനത്തിന്റെ മേൽ!

യു.എസ് സൈന്യം ഒരു യു.എസ് ടൗണിൽ തന്നെ ഇൻഫ്ളുവൻസാ വൈറസ് പടർത്താനുള്ള രാസമഴ പെയ്യിക്കൽ പരീക്ഷണം നടത്തിയതിനുള്ള വീഡിയോ തെളിവുകൾ പുറത്തു വന്നു. വീഡിയോ കാണാൻ

http://www.youtube.com/user/ibigstink07

## വലിയ ലോകവും ചെറിയ പുസ്തകങ്ങളും



ലിറ്റിൽ മാസിക രണ്ട് പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുന്നു. പ്രതീഷ് എം.പിയുടെ കവിതകൾ ജനുവരിയിൽ പ്രസിദ്ധീകരിക്കും. ചന്ദ്രബാബു തൃക്കലങ്ങോടിന്റെ കഥാസമാഹാരമാണ് രണ്ടാമത്തേത്. വലിയ ലോകത്ത് ചെറിയ പുസ്തകങ്ങളുമായി ലിറ്റിൽ മാസിക കടന്നുവരുമ്പോൾ അർത്ഥവത്തായ സാംസ്കാരിക ഇടപെടലിന്റെ ഭാഗമായിത്തന്നെയാണ് ഈ പുസ്തക പ്രസിദ്ധീകരണങ്ങളെയും കാണുന്നത്. എല്ലാ സുമനസ്സുകളുടെയും സഹായവും സ്നേഹവും പ്രതീക്ഷിച്ചുകൊണ്ട്...

ലിറ്റിൽമാസിക പ്രവർത്തകർ

## മൈ ഹോം ഇസ് ഗ്രീൻ

എല്ലോറ ആനിമേഷൻസ് ഉടൻ പുറത്തിറക്കുന്ന 'മൈ ഹോം ഇസ് ഗ്രീൻ' എന്ന 45 മിനുട്ട് ദൈർഘ്യമുള്ള ആനിമേഷൻ ഫിലിം ആനിമേഷൻ സിനിമാരംഗത്തെ നല്ലൊരു കാൽവെപ്പാണ്. ബന്ധങ്ങൾക്ക്: സാജൻ -9446279596




## നന്ദിയോടെ കൈപറ്റി



ഹരിതദർശനം
**ജോൺസിയുടെ ആത്മകഥ**
മാതൃഭൂമി ബുക്സ് കോഴിക്കോട്
വില: 100 രൂപ

പ്രചോദനം

# ഹെൻട്രി ഡേവിഡ് തോറോ



"ഞാൻ കാട്ടിലേക്ക് പോയത് മനപ്പൂർവ്വം ജീവിക്കണമെന്ന അഭിലാഷം കൊണ്ടായിരുന്നു. ജീവിതത്തിലെ കാതലായ വസ്തുതകളെ മാത്രം നേരിടുക, അതിന് പഠിപ്പിക്കാനുണ്ടായിരുന്നത് പഠിക്കുവാൻ എനിക്ക് സാധിക്കുമോ എന്ന് നോക്കുക. അല്ലാതെ മരണത്തോടടുക്കുമ്പോൾ ഞാൻ ജീവിച്ചിരുന്നിട്ടില്ലെന്ന് കണ്ടു പിടിക്കപ്പെടരുതെന്നും എനിക്കാഗ്രഹമുണ്ടായിരുന്നു." 1845 ൽ അമേരിക്കയിലെ വാൾഡൻ തടാകത്തിന് തൊട്ടുള്ള വനപ്രദേശത്തേക്ക് ഒറ്റയ്ക്ക് താമസിക്കാൻ ചെന്ന തോറോവിന്റെ വാക്കുകളാണ് മേൽ ഉദ്ധരിച്ചത്. വാൾഡൻ തീരത്തെത്തിയ തോറോ ഒരു കോടാലി കടം വാങ്ങി പത്തടി നീളവും പതിനഞ്ചടി വീതിയും വരുന്ന ഒരു കുടിൽ സ്വയം ഉണ്ടാക്കി. അത് അദ്ദേഹത്തിന് ഉറങ്ങുവാനുള്ള സ്ഥലവും, മഴയിൽ നിന്നും മഞ്ഞിൽ നിന്നും രക്ഷപ്പെടാനുമുള്ള സങ്കേതവുമായിരുന്നു. അദ്ദേഹത്തിന്റെ മറ്റാവശ്യങ്ങൾ തുലോം നിസ്സാരമായിരുന്നു. സ്വൽപം ആഹാരം, കുറച്ചു പുസ്തകങ്ങൾ ധാരാളം സമയവും.

പ്രകൃതിയോട് അദ്ദേഹം ചോദ്യങ്ങൾ ചോദിച്ചു, തനിക്ക് തൃപ്തിയാവുന്ന ഉത്തരങ്ങൾ ലഭിക്കുന്നതുവരെ. അതിന് അദ്ദേഹത്തിന് സമയവും ഏകാന്തതയും ആവശ്യമായിരുന്നു. മിക്കവരും ഒരിക്കലും അറിയാത്ത ത് തോറോ മനസ്സിലാക്കി. അതായത് മനുഷ്യന് ചെയ്യാനുള്ളതിൽ ഏറ്റവും കടുത്ത ജോലി ചിന്തിക്കലാണെന്ന്.

തന്റെ ചുറ്റുമുള്ള പക്ഷികളേയും മൃഗങ്ങളേയും, മാറുന്ന ഋതുക്കളേയും, കാറ്റിന്റേയും വെള്ളത്തിന്റെ സ്വ ാവത്തേയും അദ്ദേഹം ഉറ്റുനോക്കി. ഉപകരണങ്ങളൊന്നും ഉപയോഗിക്കാതെ സ്വന്തം കണ്ണുകൊണ്ട് കാണുവാനാണദ്ദേഹം ഇഷ്ടപ്പെട്ടത്. എഴുതിവെച്ച പാണ്ഡിത്യത്തേയും രേഖപ്പെടുത്തിയ വിജ്ഞാനത്തേ യും തീരെ ആശ്രയിക്കാതെ അദ്ദേഹം സ്വന്തം നിഗമനങ്ങളിലെത്തിച്ചേർന്നു. അദ്ദേഹം പറഞ്ഞു നമ്മുടെ ശാസ്ത്രം, എല്ലായ്പ്പോഴും നമ്മുടെ അനുകമ്പകളെക്കാളുമധികം നിഷ്ഫലവും തെറ്റുകൾ കലർന്നതു മാണ്.

തോറോ 1817 ൽ ജനിച്ചു. നാൽപത്തിയഞ്ചാം വയസ്സിൽ മരിച്ചു. ഹാർഡ്‌വാർഡ് സർവ്വകലാശാലയിൽ നിന്ന് ബിരുദം നേടിയ അദ്ദേഹം കുറച്ചുകാലം അദ്ധ്യാപകനായി സേവനമനുഷ്ഠിച്ചു. വലിയ വിപ്ലവ ബുദ്ധി യായിരുന്ന അദ്ദേഹം ജയിൽവാസം അനുഭവിച്ചിട്ടുണ്ട്. വാൾഡൻ തടാകത്തിൽ രണ്ടര വർഷം നയിച്ച ആശ്രമജീവിതത്തിന്റെ അനർഘ ഫലമാണ് വാൾഡൻ എന്ന കൃതി. പ്രകൃതി പരിരക്ഷണത്തിന്റെ അടിസ്ഥാന പ്രമാണമാണല്ലോ ലളിത ജീവിതം. വാൾഡൻ എന്ന കൃതിയുടെ ഒന്നാമത്തെ അദ്ധ്യായത്തിന്റെ പേരു തന്നെ മിതവ്യയം എന്നാണ്. ജീവിക്കാൻ വേണ്ടത് സ്വന്തം കൈകളുടെ അദ്ധ്വാനം കൊണ്ടു മാത്രം സമ്പാദിക്കുക എന്ന് തുടക്കത്തിൽ തന്നെ അദ്ദേഹം നമ്മെ ഓർമ്മിപ്പിക്കുന്നു.

വായനയുടെ പക്ഷം




*കത്തുകൾ, ഇ-മെയിൽ, എസ്.എം.എസ്, ടെലഫോൺ, നേരിൽ...*

വപ്പായ,മുരിങ്ങയില ലേഖനം സമയോചിതമായി. ഇത്രയും കാലം കഴിച്ചത് ആരും പറയാതെയാണ്. ആരു പറഞ്ഞാലും പറഞ്ഞില്ലെങ്കിലും ഇനിയും കഴിക്കാൻ തന്നെ തീരുമാനിച്ചു.

*സ്ക്കറിയ.വി.പി.,പ്രോഗ്രാം അനിമേറ്റർ,*
*WWA,തോമാട്ടുചാലിൽ,വയനാട്.*

മുരിങ്ങയിലയും പപ്പായയും സംബന്ധിച്ച് ആശയക്കുഴപ്പത്തിലിരിക്കുന്ന സമയത്താണ് ലിമാ ലേഖനം കിട്ടിയത്. ഇതു സംബന്ധിച്ച് കൂടുതൽ ശാസ്ത്രീയമായ വിശദീകരണം നൽകിയാൽ നന്നായിരുന്നു.

*രശ്മി സുരേഷ്, നീർവാരം, പനമരം.*

മറ്റാരും ചെയ്യാത്ത കാര്യമാണ് ലിമാ മുരിങ്ങ-പപ്പായ ലേഖനത്തിലൂടെ ചെയ്തത്. കാലോചിതമായ പ്രതികരണത്തിന് അഭിനന്ദനം.

*ദീപു, ഇൻഫോർമേഷൻ കൺസൽട്ടന്റ്*
*K.T.D.C , കല്ലൂർ, വയനാട്.*

'കരീമിന്റെ കാടു' കണ്ടപ്പോൾ യാത്രാക്കുറിപ്പിനപ്പുറം സത്യസന്ധത കൊണ്ട് വേറിട്ടു നിൽക്കുന്നു എന്നുതോന്നി.

*കൃഷ്ണൻകുട്ടി ,യൂണിവേഴ്സിറ്റി, തേഞ്ഞിപ്പലം.*

മെഡിക്കൽ കോളേജിനു മുമ്പിൽ ആരോ ബോർഡ് വെച്ചു എന്ന പേരിൽ പപ്പായയും മുരിങ്ങയിലയും കഴിക്കരുതെന്ന് പ്രേരിപ്പിച്ചതിലൂടെ എന്തൊരു തെറ്റിദ്ധാരണയാണ് പരത്തിയത്. അത് നീക്കാൻ ലിറ്റിൽ മാസിക ലേഖനത്തിനു കഴിഞ്ഞു.

*മൊയ്തു കിഴിശ്ശേരി, റോസ് വില്ല, കിഴിശ്ശേരി.*

മിതവ്യയം ഓർമ്മിപ്പിക്കാൻ ദിനാചരണം വന്നത് നന്നായി. ആഘോഷങ്ങളും ആചാരങ്ങളും നടത്തി ചാരമാക്കുന്ന പണമുണ്ടായിരുന്നെങ്കിൽ പാവപ്പെട്ട രോഗികൾക്ക് ഡയാലിസിസിനായി ഉപയോഗിക്കാമായിരുന്നു. പപ്പായ, മുരിങ്ങ ഇവ കൊണ്ട് സമൃദ്ധമായ നാട്ടിൻപുറങ്ങൾ ഇപ്പോൾ പണ്ടത്തെപ്പോലെ അത് ഉപയോഗിക്കുന്നില്ല. കുമ്പളങ്ങ വാങ്ങി പുളിശ്ശേരി ഉണ്ടാക്കിയാലും പച്ച പപ്പായയിട്ട് പുളിശ്ശേരിയുണ്ടാക്കുന്നവർ ചുരുക്കം. ചീര കിലോകണക്കിന് തൂക്കിവാങ്ങിയാലും പറമ്പിലെ പച്ചിലകൾ കൊണ്ട് കറിവെക്കണമെങ്കിൽ മുതിർന്ന 'പൗരകൾ' വീട്ടിൽ വേണം. അതും പുതുതലമുറക്ക് കൊടുത്താൽ 'നോ ടേസ്റ്റ്!' മട്ടൺ, ചിക്കൻ ഇല്ലാതെ ഭക്ഷണമേ വേണ്ട എന്ന് ഇന്നത്തെ കുഞ്ഞുങ്ങൾ പറയുമ്പോൾ എങ്ങനെ ഹിംസ ഒഴിവാക്കിക്കൊണ്ടുള്ള ക്രിസ്തുമസും ബലിപെരുന്നാളും നടപ്പാക്കും?

*എൽസി ടീച്ചർ, മുല്ലേപ്പറമ്പിൽ*
*ഇടക്കൊച്ചി*

കാർഫ്രീ ഡേ പോലെ തന്നെ ബൈ നതിംഗ് ഡേ എന്ന ദിനാചരണത്തെക്കുറിച്ചും ലിറ്റിൽമാസിക കിട്ടിയപ്പോഴാണ് അറിഞ്ഞത്. അല്പം കൂടി നേരത്തെ അറിഞ്ഞിരുന്നെങ്കിൽ ബൈ നതിംഗ് ഡേ കാമ്പയിനോട് ഐക്യദാർഢ്യം പ്രകടിപ്പിച്ചു കൊണ്ട് എന്തെങ്കിലുമൊക്കെ ചെയ്യാമായിരുന്നു എന്നു തോന്നുന്നു.

*എം. ഇബ്രാഹീമും സുഹൃത്തുക്കളും*
*കല്ലിടുമ്പ്, എടവണ്ണ*

Little Masika December 2009 Postal Reg.No. KL/MJI/82/2007-2009.RN 67322 / 94 registered with the Registrar of News Papers for India New Delhi Rs. 6.50

# Subscribe to The Green Truth

























## r e l e v a n c e   o f   b e i n g   l i t t l e

ചെറുതായിരിക്കുന്നതിന്റെ പ്രസക്തി

## ലിറ്റിൽ മാസിക

2009 ഡിസംബർ

ലക്കം: 112

ചെറുതായിരിക്കുന്നതിന്റെ പ്രസക്തിയെക്കുറിച്ച് നിരന്തരം അന്വേഷിക്കുന്നു. പ്രസക്തങ്ങളായ ചെറിയ കാര്യങ്ങളെക്കുറിച്ച് ജാഗ്രതയോടെ സംസാരിക്കുന്നു. ആശയപരമായി പ്രതികരിച്ചും പ്രചാരണപരമായി സഹായിച്ചും നിങ്ങൾക്കും എഴുത്തിന്റെയും അന്വേഷണത്തിന്റെയും ഈ തനതുവഴികളിൽ പങ്കാളികളാകാം.

Registered Periodical

*If undeliverd,*
*please return to*

Editor
Little masika
Chungathara P.O.
Malappuram Dt.
Pin: 679 334
Kerala

Edited, Printed, Published and owned by Biju John published at Chungathara
printed at Imperial Edv. for Co-op Press, Chungathara